# പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.545

30.06.2016 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നത് മൂലമുള്ള നഷ്ടപരിഹാരത്തുക

**ചോദ്യം**

ശ്രീ.അടൂർ പ്രകാശ്
ശ്രീ.റോജി.എം.ജോൺ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.വി.എസ്.ശിവകുമാർ

**ഉത്തരം**

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നത് മൂലമുള്ള നഷ്ടപരിഹാരത്തുക കൃത്യമായി വിതരണം ചെയ്യാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ സർക്കാരിന്റെ കാലത്ത് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കുമോ;

(എ) വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നത് മൂലമുള്ള നഷ്ടപരിഹാരത്തുക കൃത്യമായി വിതരണം ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി, ആയതിനെ സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് നടപടി എടുക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നു. വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് മൂലം നഷ്ടം സംഭവിക്കുന്ന കർഷകർക്ക് 1980 ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിരുന്നു.

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു സംബന്ധിച്ച് കൈവരിക്കാനുദ്ദേശിച്ചത്;

(ബി) വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസമായി നൽകുന്ന നഷ്ടപരിഹാരത്തുക കാലതാമസമില്ലാതെ വിതരണം ചെയ്യുക എന്ന ലക്ഷ്യമാണ് കൈവരിയ്ക്കാൻ ഉദ്ദേശിച്ചത്.

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക കാലതാമസമില്ലാതെ നൽകുന്നതിനായാണ് സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തി അപേക്ഷകളിൽ 30 ദിവസത്തിനകം തീരുമാനം എടുക്കുവാൻ നടപടി എടുത്തിട്ടുള്ളത്. കൂടാതെ ഇതുമായി

ബന്ധപ്പെട്ട കാര്യങ്ങൾ സുതാര്യമാക്കുവാൻ 24.02.2016 ന് ഓൺലൈൻ സംവിധാനം നിലവിൽ വന്നു.

(ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്?

(ഡി) പദ്ധതികളിലൂടെ നഷ്ടപരിഹാരത്തുക നൽകുന്നതിലെ കാലതാമസം പരമാവധി ഒഴിവാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

| സാമ്പത്തിക വർഷം | നഷ്ടപരിഹാരം നൽകിയ തുക (രൂപ) |
|---|---|
| 2011-12 | 2,71,91,059/- |
| 2012-13 | 2,73,75,594/- |
| 2013-14 | 4,25,10,199/- |
| 2014-15 | 3,92,09,607/- |
| 2015-16 | 4,42,70,509/- |

സെക്ഷൻ ഓഫീസർ.